**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1498** **28-07-2021 - ൽ മറുപടിയ്ക്ക്**

**ഉപ്പള അഗ്നിശമന നിലയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ ഉപ്പള അഗ്നിശമനനിലയം മംഗൽപാടി പഞ്ചായത്തിന്റെ താൽക്കാലിക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മംഗൽപാടി വില്ലേജിലെ സോങ്കാൽ എന്ന സ്ഥലത്ത് 1.5 ഏക്കർ ഭൂമി അഗ്നിശമനനിലയത്തിനുവേണ്ടി ലഭ്യമാക്കാനുള്ള നടപടി നിലവിൽ ഏത് ഘട്ടത്തിലാണുള്ളതെന്ന് വിശദമാക്കുമോ; | (ബി) | ഉപ്പള അഗ്നിരക്ഷാ നിലയത്തിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് മംഗൾപാടി വില്ലേജിലെ റീ-സർവ്വേ നം.50/1 ൽ പ്പെട്ട 1.5 ഏക്കർ സ്ഥലം റവന്യൂ വകുപ്പിൽ നിന്നും അഗ്നിരക്ഷാ വകുപ്പിന് അനുവദിച്ചു കിട്ടിയിട്ടുണ്ട്. |
| (സി) | ഉപ്പള അഗ്നിശമനനിലയത്തിന് ഭൂമി ലഭ്യമാക്കി സ്വന്തം കെട്ടിടം നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കുമോ; | (സി) | കെട്ടിടനിർമ്മാണത്തിന് ആവശ്യമായ ഭൂമി കൈമാറി ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. |
| (ഡി) | പ്രസ്തുത അഗ്നിശമനനിലയത്തിൽ നിലവിൽ ഏതൊക്കെ തസ്തികകളാണ് ഉള്ളത്; ഒഴിവുള്ള തസ്തികകൾ ഏതൊക്കെയാണ്; ഒഴിവുകൾ ഉണ്ടെങ്കിൽ ആയത് നികത്താനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | അനുബന്ധമായി ചേർത്തിരിക്കുന്നു. ഒഴിവുകളിൽ നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരി ച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | തസ്തിക | അനുവദിച്ച തസ്തിക | നിലവിൽ ഉള്ളവ | ഒഴിവ് |
|---|---|---|---|---|
| 1 | സ്റ്റേഷൻ ഓഫീസർ | 1 | 1 | ഇല്ല |
| 2 | അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ | 1 | 0 | 1 |
| 3 | സീനിയർ ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ | 2 | 2 | ഇല്ല |
| 4 | സീനിയർ ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ (മെക്കാനിക്ക്) | 1 | 1 | ഇല്ല |
| 5 | ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ(ഡ്രൈവർ) | 3 | 2 | 1 |
| 6 | ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ | 12 | 11 | 1 |
| 7 | പാർട്ട് ടൈം സ്വീപ്പർ | 1 | 1 | ഇല്ല |

സെക്ഷൻ ഓഫീസർ